മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മുക്കം പഞ്ചായത്തിലെ അഗസ്ത്യാർമൂഴിയിൽ പി.ഡബ്ലിയു.ഡി. നിരത്തുവിഭാഗത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു ഓഫീസ് കോംപ്ലക്സ് കെട്ടുന്ന കാര്യം പരിഗണനയിലുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി 225 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് എ.എസ്. നല്കി ആ പ്രവൃത്തി ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(11) ആറളം ഫാമിലെ തൊഴിലാളി നേതാക്കൾ നടത്തുന്ന നിരാഹാരസമരം

പ്രൊഫ. എ. ഡി. മുസ്തഫ: സർ, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ തൊഴിലാളികൾ കഴിഞ്ഞ 3 ദിവസമായി സമരത്തിലേർപ്പെട്ടിരിക്കുകയാണ്. അവരുടെ നേതാക്കൻമാർ അവിടെ നിരാഹാര സമരവും ആരംഭിച്ചിരിക്കുകയാണ്. അവിടത്തെ തൊഴിലാളികൾക്ക് ലഭിക്കുന്നത് വളരെ കുറഞ്ഞ വേതനമാണ്. 10 വർഷം മുമ്പ് നടപ്പാക്കിയ ശമ്പളസ്കെയിൽ അനുസരിച്ചാണ് അവർക്ക് ഇന്നും വേതനം ലഭിക്കുന്നത്. പത്തും ഇരുപതും വർഷം കൊണ്ട് ജോലിചെയ്യുന്ന തൊഴിലാളികളുടെ ദിവസക്കൂലി എന്നുപറയുന്നത് ശരാശരി 96 രൂപ മാത്രമാണ്. ഇപ്പോൾ അവരുടെ ആവശ്യമെന്നു പറയുന്നത് ഈ പ്രയാസങ്ങൾ മാറി മറ്റ് സ്റ്റേറ്റ് ഫാമുകളിലെ തൊഴിലാളികൾക്ക് നൽകുന്ന വേതനം ഈ ഫാമിലെ തൊഴിലാളികൾക്ക് ലഭിക്കണമെന്നതാണ്. ഈ ആവശ്യം പരിഗണിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ആറളം ഫാം അടുത്ത കാലത്താണ് കേന്ദ്ര സർക്കാരിൽനിന്നും എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ കേരള സർക്കാർ എറ്റെടുത്തത്. അതിനുശേഷം അവിടെയുണ്ടായിരുന്ന 624 തൊഴിലാളികളിൽ 44 തൊഴിലാളികൾ വി.ആർ.എസ്. വാങ്ങി പിരിഞ്ഞുപോയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് ഇടക്കാലാശ്വാസമായി മാസം 325 രൂപ വീതം ഇതിനകം കൊടുത്തിട്ടുണ്ട്. കേരളത്തിലെ പ്ലാന്റേഷൻ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഏതാനും ദിവസങ്ങൾക്കകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. അത് ഈ ഫാമിലെ തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്. അതുകൊണ്ടുതന്നെ ഈ തൊഴിലാളികളുടെ കൂലിയിലും മറ്റ് കാര്യങ്ങളിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കാക്കി ഇപ്പോൾ ഈ സമരം പിൻവലിക്കാവുന്നതാണ്. ബഹുമാനപ്പെട്ട പട്ടികസമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി ഈ കാര്യത്തിൽ അവരുമായി നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇത് കമ്പനിയാക്കി മാറ്റാൻ പോകുകയാണ്. കമ്പനിയുടെ രൂപീകരണത്തിനുശേഷം ആവശ്യമായ മറ്റ് ചർച്ചകൾ നടത്തി അവരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്താവുന്നതാണ്. അതുകൊണ്ട് സമരം തുടർന്ന് നടത്തേണ്ട ആവശ്യമില്ല. അത് പരിഹരിക്കാവുന്നതാണ്. ഈ സമരം പിൻവലിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ. വഴി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികസമുദായക്ഷേമവും യുവജന സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ആറളം ഫാമുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇതിനകം തന്നെ ബഹുമാനപ്പെട്ട എം. വി. ജയരാജൻ, പ്രൊഫ. എ. ഡി. മുസ്തഫ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ആളുകളുമായി 5 പ്രാവശ്യം ചർച്ചകൾ നടത്തി. വി.ആർ.എസ്. ഉൾപ്പെടെ അവർ ആവശ്യപ്പെട്ടതിൽ കൂടുതൽ ആനുകൂല്യങ്ങൾ ഒരു കാലത്തും ഒരു ഗവൺമെന്റും നൽകാത്ത രീതിയിൽ നൽകിയിട്ടുണ്ട്. ഇടക്കാലാശ്വാസം എന്ന നിലയിൽ മാസം 325 രൂപ നല്കുകയും ചെയ്തിട്ടുണ്ട്. ഈ ഫാം ഉണ്ടായതിനു ശേഷം 150 രൂപയേ ഇതുവരെ ഇടക്കാലാശ്വാസമായി കൊടുത്തിട്ടുള്ളൂ. ഇപ്പോൾ ഉണ്ടായ തൊഴിൽ സമരവുമായി ബന്ധപ്പെട്ട് അവരോട് സംസാരിക്കുകയും അവർ ആവശ്യപ്പെട്ട എല്ലാ കാര്യങ്ങളും ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇനിയും ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്. ആദിവാസികൾക്കുവേണ്ടി 42 കോടി രൂപ ചെലവഴിച്ച് വാങ്ങിയ ഭൂമി ചെറിയ തൊഴിൽ തർക്കങ്ങൾ കാരണം പലപ്പോഴും നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അത് നൽകുന്നതിന് തൊഴിലാളികളുടെ സഹായവും പിൻതുണയും ആവശ്യമാണ്.

IV. (a) ക്രമപ്രശ്നം

ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, നമ്മുടെ നിയമസഭാ ചട്ടം 26 മുതൽ 47 വരെ ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകളാണ്. വളരെ പ്രധാനപ്പെട്ടതാണ് നമ്മുടെ ചോദ്യോത്തര വേള. അത് ഇപ്പോൾ പ്രഹസനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ ഇത് പറയാൻ കാരണം, സ്റ്റാറ്റിസ്റ്റിക്സ് നോക്കി. ഈ സഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ മാത്രം നോട്ടീസ് കൊടുത്ത ചോദ്യങ്ങൾ 9114 ആണ്. അതിൽ അഡ്മിറ്റഡ് 8733. സഭ പിരിയുന്നതുവരെ, 12-8-2005 വരെ ഉത്തരം കിട്ടിയത് 3759 ആണ്. അതിനുശേഷം ഇപ്പോൾ മുമ്പ് അങ്ങയുടെ സ്ഥാനത്തിരുന്ന പ്രഗൽഭരായ സ്പീക്കർമാർ വിവിധ ഘട്ടങ്ങളിൽ നൽകിയ റൂളിംഗിനെത്തുടർന്ന് ഉത്തരം ബന്ധപ്പെട്ട അംഗങ്ങൾക്ക് തപാൽ വഴി അയച്ചു കൊടുക്കുകയാണ്. ഇപ്പോൾ എനിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഉത്തരം കഴിഞ്ഞ രണ്ടുമൂന്ന് സമ്മേളനങ്ങൾക്കു മുമ്പുള്ളതാണ്. അതിന്റെ രേഖകൾ എന്റെ കൈയിലുണ്ട്. ഇത് ഇങ്ങനെ തുടർന്നുകൊണ്ടേ ഇരിക്കുകയാണ്. ഇപ്പോഴാണെങ്കിൽ ഇതുവരെ 929 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും 131 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഇവിടെ വന്നു. അതിൽ 200 ഓളം ചോദ്യങ്ങൾക്ക് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. മറുപടി നൽകിയതിൽ നൂറോളം മറുപടികൾ വളരെ ആശ്ചര്യപ്പെടുത്തുന്നതാണ്. ആ ചോദ്യങ്ങൾക്കുള്ള ഉത്തരമാകട്ടെ 'വിവരം ശേഖരിച്ചുവരുന്നു' എന്നുള്ളതാണ്. ലോക്കപ്പിലെ കൊല, പിടിച്ചുപറി, കവർച്ച, ബലാൽസംഗം, തട്ടിക്കൊണ്ടുപോകൽ, വർഗ്ഗീയ സംഘട്ടനങ്ങൾ, ആരാധനാലയങ്ങൾക്കു നേരെയുള്ള അക്രമങ്ങൾ, ആത്മഹത്യ, കൊലചെയ്യപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ, സർക്കാർ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly